# പാദ വാർഷിക മാതൃക പരീക്ഷ 2024

ക്ലാസ് : 3 വിഷയം : മലയാളം മാർക്ക് : 25

## പ്രവർത്തനം 1 ശരിയുത്തരം തെരഞ്ഞെടുക്കാം *5 mark*

1.രാമകൃഷ്ണൻ കുമരനെല്ലൂരിന്റെ കാക്കിരി പൂക്കിരി എന്ന കവിത ഏത് കൃതിയിൽ നിന്ന് എടുത്തതാണ് ?

A. ഈച്ചയും പൂച്ചയും B തൂവൽ C പാത്തുമ്മയുടെ ആട് D പുഷ്പവാടി

2.കുമാരനാശാന്റെഒളിച്ചുകളി എന്ന കവിതയിലെ വരികൾ ശ്രദ്ധിക്കൂ

തളിർത്തുലഞ്ഞു നിന്നിടും
<u>തരു</u>ക്കൾ തന്റെ ശാഖയിൽ

അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തുക

A ചില്ല B മരം C ഭൂമി D മാങ്ങ

3. ഒരുകടങ്കഥ കേട്ടാലോ.............

പച്ചയിൽ പുളി
പഴുത്താൽ മധുരം
പഴങ്ങളുടെ രാജാവ് ഞാനാരെന്ന് പറയാമോ?

A.ഓറഞ്ച് B മുന്തിരി C പുളി D മാങ്ങ

KPSTA PATTAMBI

4 .താഴെപ്പറയുന്നവയിൽ കുഞ്ചൻ നമ്പ്യാർ രൂപം നൽകിയ കലാരൂപം ഏത്

A കഥകളി    B പടയണി    C ഓട്ടൻതുള്ളൽ    D ചാക്യാർകൂത്ത്

5. താഴെ കൊടുത്തിരിക്കുന്ന കൂട്ടത്തിൽ ശരിയായ അക്ഷരമാല

ക്രമം പാലിക്കുന്നത് ഏത് ?

A അർക്കൻ,മടല് ,തൂമ്പ ,പട    B പട,മടല് ,തൂമ്പ,അർക്കൽ

C അർക്കൻ,തൂമ്പ,പട ,മടല്    D മടല്,തുമ്പ, അർക്കൻ, പട

പ്രവർത്തനം 2 – കടങ്കഥ നിർമ്മിക്കാം

ഈ ചിത്രത്തിലെ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി

കടങ്കഥകൾ നിർമ്മിക്കൂ..    *5 mark*



A PATTAMBI

## പ്രവർത്തനം – 3 – ഉത്സവപ്പറമ്പിലേക്ക്    *5 mark*

*അനുവിന്റെ നാട്ടിലെ ഉത്സവമാണ്.അനുവും അച്ഛനും അമ്മയും കൂടി ഉത്സവം കാണാനായി ഇറങ്ങി .വഴിയിലത്രയും കച്ചവടക്കാരാണ് കളിപ്പാട്ടങ്ങളും തട്ടുകടകളും മുറുക്കും പൊരിയും അങ്ങനങ്ങനെ. "എത്ര ആനകളാണ് അമ്മേ നിരന്നു നിൽക്കുന്നത് ". 1,2,3.......അനു എണ്ണി പത്തെണ്ണമുണ്ട്. അവൾ "ആനയെ തൊടണം" എന്ന് പറഞ്ഞുകൊണ്ട് അച്ഛന്റെ കൈ പിടിച്ച് ആനയുടെ അടുത്തേക്ക് നടന്നു .എന്ത് നീളമാ ആനയുടെ തുമ്പിക്കൈക്ക് അവൾക്ക് അത്ഭുതമായി.* അന്ന് അവൾക്ക് ഏറെ സന്തോഷമായി. രാത്രി ഉറങ്ങാൻ കിടക്കുന്നതിന് മുൻപ് അനു തന്റെ ഡയറി എഴുതാൻ തുടങ്ങി

ഡയറി പൂർത്തിയാക്കാമോ...

KPSTA PATTAMBI

## പ്രവർത്തനം 4 - പാചകക്കുറിപ്പ് തയ്യാറാക്കാം *5 mark*

സ്കൂൾ വിട്ട് വീട്ടിലെത്തിയ മേരിഅടുക്കളയിലേക്ക് ഓടി. ചായ ഉണ്ടാക്കുന്ന തിരക്കിലായിരുന്നു അച്ഛൻ.' *അച്ഛാ ..നാളെ എന്റെ സ്കൂളിൽ പലഹാരമേളയാണ്. എനിക്കും എന്തെങ്കിലും പലഹാരം അച്ഛൻ ഉണ്ടാക്കി തരണം* ഇതുപോലെ നിങ്ങളുടെ സ്കൂളിലും പലഹാരമേള ഉണ്ടായില്ലേ...? നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പലഹാരത്തിന്റെ പാചകക്കുറിപ്പ് എഴുതാമോ.....

KPSTA PATTAMBI

## പ്രവർത്തനം 5 - പഴഞ്ചൊല്ല്  *5 mark*

*"പയ്യെ തിന്നാൽ പനയും തിന്നാം"*

ഈ പഴഞ്ചൊല്ല് നിങ്ങൾ കേട്ടിട്ടില്ലേ?

ധൃതിയോ തിടുക്കമോ ഇല്ലാതെ, സാവകാശംഒരു കാര്യം ചെയ്യുകയാണെങ്കിൽ അതിന് ഫലപ്രാപ്തി ഉണ്ടാകും എന്നാണ് ഈ പഴഞ്ചൊല്ല് നമ്മോട് പറയുന്നത്.

മുകളിൽ കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെ ആശയം കൂട്ടുകാർ വായിച്ചല്ലോ ഇതുപോലെതാഴെ കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലിന്റെആശയംഎഴുതാമോ?

*എല്ലുമുറിയെപണി ചെയ്താൽ*

*പല്ലു മുറിയെ തിന്നാം*

KPSTA PATTAMBI